പാലങ്ങളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി ആലപ്പുഴ നഗരത്തിലെ ഗതാഗത പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഓരോ പ്രദേശത്തിന്റേയും ആവശ്യാനുസരണം പുതിയ വർക്കുകൾ ഏറ്റെടുത്തിട്ടുണ്ട്. അതുപോലെ വർക്കുകൾ വളരെ വേഗതയിൽ പൂർത്തിയാക്കുന്ന നടപടികൾ സ്വീകരിച്ചു. ആലപ്പുഴ പട്ടണത്തിൽ ഒരു ദിവസംതന്നെ അഞ്ചു പാലങ്ങൾ ഉത്ഘാടനം ചെയ്തു. ഇൻഡ്യക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ആലപ്പുഴ പട്ടണത്തിൽ ഇത്രയും വർക്കുകൾ നടന്നിട്ടുണ്ടോ ? 10 കോടി രൂപയുടെ വർക്കുകളാണ് ഇപ്പോൾ അവിടെ പൂർത്തിയായത്. അതിന്റെ മുഴുവൻ കണക്കുകളും എന്റെ കയ്യിലുണ്ട്. ഈ രണ്ട് പാലങ്ങളെയും സംബന്ധിച്ച് പറയുകയാണെങ്കിൽ, ചില കോൺട്രാക്ടർമാർ വർക്ക് മുഴുവൻ പൂർത്തിയാക്കിയിട്ട് ബില്ല് പാസ്സാക്കാൻ വേണ്ടി കാത്തിരിക്കും. ഈ കോൺട്രാക്ടർ പൈസ കിട്ടിയിട്ടേ കണ്ണൻവർക്കി പാലത്തിന്റേയും വൈ.എം.സി.എ. പാലത്തിന്റേയും വർക്കുകൾ തുടങ്ങുകയുള്ളൂ എന്നാണ് പറയുന്നത്. ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഒരു ഉത്തരവ് ഉണ്ട്. അതായത് തീയതി അനുസരിച്ചേ ബില്ലുകൾ പാസ്സാക്കി കൊടുക്കാവൂ എന്ന്. ഗവൺമെന്റിന് പ്രത്യേക പ്രയോറിറ്റി നിശ്ചയിച്ച് കൊടുക്കാൻ പറ്റുകയില്ല. അതുകൊണ്ട് ആ കോൺട്രാക്ടർ ആ പണികൾ തുടർന്നു നടത്താൻ വേണ്ടി..... പല പ്രദേശങ്ങളിലും നാട്ടുകാർ അവർക്ക് കുറച്ച് പൈസ അഡ്വാൻസ് കൊടുക്കും. അതുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ. മുൻകൈയെടുത്ത് അങ്ങനെയുള്ള അറേഞ്ചു മെന്റിൽ പണി പൂർത്തിയാക്കിക്കണം ; അങ്ങനെ പണി പൂർത്തിയാക്കുന്നതിന് കൂട്ടായ ശ്രമം നടത്തണം.

### (10) ദേശീയപാത 212, 213 എന്നിവയുടെ നിർമ്മാണം

ശ്രീ. സി. മൊയിൻകുട്ടി : സർ, മലബാറിന്റെ വികസനത്തിന് പ്രധാന പങ്കുവഹിക്കുന്നതാണ് നാഷണൽ ഹൈവേ 212-ഉം 213-ഉം. നാഷണൽ ഹൈവേ 17 കോഴിക്കോടുനിന്നും ആരംഭിച്ച് വയനാട്ടിലെ കല്പറ്റ, ബത്തേരി, കുണ്ടിൽപ്പെട്ട, നരസിപുരം, മൈസൂർ വഴി എത്തുന്നതാണ്. എൻ.എച്ച്. 212, എൻ എച്ച്. 213 ആകട്ടെ കോഴിക്കോടുനിന്നും തുടങ്ങി പെരിന്തൽമണ്ണ, മണ്ണാർക്കാട്, പാലക്കാട് വഴി എത്തുന്നതാണ്. ഈ രണ്ട് റോഡുകളും പൂർത്തിയാകുമ്പോൾ കോഴിക്കോടു നിന്ന് ആരംഭിച്ച് മൈസൂർ, കൊള്ളേഗാൽ, കോയമ്പത്തൂർ, പാലക്കാട് വഴി കോഴിക്കോട് തന്നെ മടങ്ങിയെത്താവുന്ന സംസ്ഥാനാന്തര സർക്കുലർ റോഡായി ഇത് മാറുന്നതാണ്. നിലവിലുള്ള ഈ രണ്ട് റോഡുകളും കേന്ദ്രം ഏറ്റെടുക്കുന്നതോടുകൂടി സംസ്ഥാനത്തിന് നല്ലൊരു സംഖ്യ മിച്ചമായി ലഭിക്കുന്നതാണ്. പക്ഷേ നിർഭാഗ്യം എന്നു പറയട്ടെ, സംസ്ഥാന പി.ഡബ്ല്യു.ഡി. ഇക്കാര്യത്തിൽ തികഞ്ഞ നിസ്സംഗതയും അനങ്ങാപ്പാറ നയവുമാണ് സ്വീകരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

വരുന്നത്. ഈ രണ്ട് റോഡുകളെയും കേരള പി. ഡബ്ല്യൂ. ഡി., നാഷണൽ ഹൈവേയ്ക്ക് കൈമാറുന്ന നടപടി മാത്രമാണ് ഇതുവരെ നടന്നിട്ടുള്ളത്. മാത്രമല്ല റോഡ് കൃത്യമായി അളന്ന് ചെയിനേജ് കണക്കാക്കി എൻ. എച്ച്. വിഭാഗം ഏറ്റെടുത്തിട്ടുമില്ല. ജോലി ഇഴഞ്ഞുനീങ്ങുകയാണ്. സംസ്ഥാന സർക്കാർ ചെയിനേജ് കണക്കാക്കി കൃത്യമായ ദൂരം നൽകാത്തതിന് കർണ്ണാടക സർക്കാർ കോടതിയിൽ പോയിട്ടുണ്ട് എന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. റോഡ് അളന്ന് പൂർത്തിയാക്കാനുണ്ടാകുന്ന കാലവിളംബം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഇതിൽ യാതൊരു നീതികരണവും കാണുന്നില്ല. ഇക്കാര്യത്തിൽ വളരെ അടിയന്തിരമായി ബഹുമാനപ്പെട്ട മന്ത്രി ഇടപ്പെട്ട്, ചെയിനേജ് പൂർത്തിയാക്കി അളന്നുതിട്ടപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം. മറ്റൊരു കാര്യം കൂടി സൂചിപ്പിക്കാനുണ്ട്. എൻ. എച്ച്. 212-ന്റെ കാര്യത്തിൽ നമ്മുടെ സംസ്ഥാനാതിർത്തി കഴിഞ്ഞാൽ, കർണ്ണാടക ബോർഡറിൽ നിന്നും ഈ ഹൈവേയുടെ പണി വളരെ വേഗം പൂർത്തിയായി കൊണ്ടിരിക്കുകയാണ്. സ്ഥലം ഏറ്റെടുത്ത് കേന്ദ്രത്തിൽനിന്നും ഫണ്ടും ലഭ്യമാക്കി. അവർ ഇക്കാര്യത്തിൽ ഏറെ മുന്നോട്ടുപോയിരിക്കുകയാണ്. നമ്മളാണെങ്കിൽ സ്ഥലം അളന്ന് തിട്ടപ്പെടുത്തുന്ന ജോലിപോലും പൂർത്തിയാക്കിയിട്ടില്ല. അളന്ന് തിട്ടപ്പെടുത്തി ആവശ്യമുള്ള ഭൂമി അക്വയർ ചെയ്യാൻ മാത്രമല്ല കച്ചവടക്കാരെ ഒഴിപ്പിക്കാനും നടപടി വേണം. സ്റ്റാഫിനെ നിശ്ചയിച്ചിട്ടില്ല, ഓഫീസ് പോലുമില്ല. ഉദ്യോഗസ്ഥന്മാരുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിന് കേന്ദ്രം നൽകുന്ന 9 ശതമാനം സംഖ്യ സംസ്ഥാനത്തിന് കൂടുതലായി കിട്ടുകയും ചെയ്യും. ഇത് സാമ്പത്തികമായി വഴിമുട്ടി നിൽക്കുന്ന ഈ സന്ദർഭത്തിൽ അല്പം ആശ്വാസമായിരിക്കും. വളരെ അടിയന്തിരമായി ഇതിന്റെ പണി പൂർത്തിയാക്കണം. ഇത് ദേശീയതലത്തിൽ ഒരു മാനക്കേടായി കേരളാ ഗവൺമെന്റിന് വരുന്നു. അതുകൊണ്ട് ആ മാനക്കേട് ഒഴിവാക്കി ഇതിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, മലബാർ മേഖലയുടെ വികസനം ത്വരിതപ്പെടുത്താൻ ഉപകരിക്കുന്ന ഈ രണ്ട് പാതകളും 7-7-1999-ലാണ് ദേശീയ പാതകളായി കേന്ദ്രം പ്രഖ്യാപിച്ചത്. ദേശീയപാത 17-ൽ കോഴിക്കോടുനിന്നും ആരംഭിച്ച് കർണ്ണാടകയിലെ ദേശീയപാത 29-ൽ അവസാനിക്കുന്നതാണ് ദേശീയപാത 212. കേരളത്തിൽ 117.6 കിലോമീറ്ററാണ് ഈ പാതയുടെ ദൈർഘ്യം. ദേശീയ പാത 47-ൽ പാലക്കാടു നിന്നും ആരംഭിച്ച് ദേശീയപാത 17-ൽ കോഴിക്കോട് അവസാനിക്കുന്നതാണ് ദേശീയപാത 213. അതിന്റെ ദൈർഘ്യം 125.3 കിലോമീറ്ററാണ്. ഇരു റോഡു ഭാഗങ്ങളുടെയും ആസ്തികൾ കൈമാറാനുള്ള സന്നദ്ധത സംസ്ഥാന ഗവൺമെന്റ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. പുതിയ ദേശീയപാതയുടെ വികസനവും അറ്റകുറ്റപ്പണികളും അടിയന്തിരമായി ഏറ്റെടുക്കണമെന്ന് അന്നു തന്നെ കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നു. പുതിയ ദേശീയപാത നിലവിലുള്ള സംസ്ഥാനപാതകളായിരുന്നു. അവയുടെ അറ്റകുറ്റപ്പണികളും മറ്റ് വികസന പ്രവർത്തനങ്ങളും സംസ്ഥാന സർക്കാരിന്റെ ഫണ്ടിൽ നിന്നായിരുന്നു

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിരുന്നത്. ദേശീയപാതകളായി പ്രഖ്യാപിച്ചിട്ടുള്ള ഈ പാതകളുടെ വികസനത്തിനും അറ്റകുറ്റപ്പണികൾക്കും വേണ്ടിവരുന്ന എല്ലാ ചെലവുകളും കേന്ദ്ര ഗവണ്മെന്റ് വഹിക്കേണ്ടതാണ്. ഇവയെ ദേശീയപാതയുടെ നിലവാരത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത്യാവശ്യം വേണ്ട അറ്റകുറ്റപ്പണികൾക്കുവേണ്ടിയുള്ള അടങ്കൽ കേന്ദ്രറോഡ് ഗതാഗത ദേശീയ പാത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഈ പാതകളുടെ വിശദമായ സർവ്വേ നടത്തി അലൈൻമെന്റ് കേന്ദ്ര ഉപരിതല മന്ത്രാലയം അംഗീകരിച്ചതിനുശേഷം ഭൂമി ഏറ്റെടുത്താൽ മാത്രമേ ഇവയെ ദേശീയപാതയുടെ നിലവാരത്തിലേയ്ക്ക് കൊണ്ടുവരാനുള്ള സമഗ്രമായ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. ആയതിനു വേണ്ടി ഇൻവെസ്റ്റിഗേഷൻ വർക്കുകളും അറ്റകുറ്റപ്പണികളും നടന്നുവരുന്നു. 2000-2001 വാർഷിക പദ്ധതിയിൽപ്പെടുത്തി ദേശീയപാത 212, വയനാട് റോഡിലെ ഹെയർപിൻ ബെൻഡ് 2, 3, 4 എന്നിവയുടെ പുനരുദ്ധാരണം 56.2 മുതൽ 56.8 വരെയുള്ള പശ്ചിമഘട്ട വികസനം, പൂജ്യം മുതൽ 15 കിലോമീറ്റർ വരെയും 66 മുതൽ 76 വരെയുമുള്ള 25 കിലോമീറ്റർ ദൂരം ദേശീയപാതയുടെ നിലവാരത്തിലേയ്ക്ക് ഗതാഗത യോഗ്യമാക്കുന്നതിനുള്ള പുനരുദ്ധാരണ പണി എന്നിവയ്ക്കുള്ള 651.1 ലക്ഷം രൂപയുടെ അടങ്കൽ കേന്ദ്ര ഉപരിതല വകുപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. 2001-2002 വാർഷിക പദ്ധതിയിൽപ്പെടുത്തി ദേശീയപാത 213-ലെ അപകടവളവ് നിവർത്തൽ, കൊട്ടിലങ്ങാടി പാലത്തിന്റെ അപ്രോച്ച് റോഡിന്റെ പുനരുദ്ധാരണം, 15 മുതൽ 30 വരെ കിലോമീറ്ററും 99 മുതൽ 112 വരെയുള്ള ആകെ 28 കിലോമീറ്ററും ദേശീയപാതയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തൽ എന്നിവയ്ക്കുള്ള 721 ലക്ഷം രൂപയുടെ അടങ്കൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിലേയ്ക്ക് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ റോഡുകൾക്ക് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ഭരണാനുമതി കിട്ടുന്ന മുറയ്ക്ക് ദർഘാസുകൾ ക്ഷണിച്ച് കരാറുകാരെ നിശ്ചയിച്ച് പണി പൂർത്തിയാക്കുന്നതാണ്. വരുന്ന വാർഷിക പദ്ധതിയിൽപ്പെടുത്തി കൂടുതൽ പണികൾ ചെയ്യുന്നതിനുവേണ്ടി നടപടികൾ ത്വരിതപ്പെടുത്തിവരികയാണ്.

മി. സ്പീക്കർ : ശ്രീ. ജോൺ ഫെർണാണ്ടസ്, ശ്രീ. പി. പി. തങ്കച്ചൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളുടെ സബ്മിഷനുള്ള മറുപടികൾ ബഹുമാനപ്പെട്ട മന്ത്രി നാളെ പറയുന്നതാണ്. അതുകൊണ്ട് പ്രസ്തുത സബ്മിഷനുകൾ നാളെ അവതരിപ്പിക്കാം.

## (11) കുണ്ടറ ശുദ്ധജല വിതരണപദ്ധതി കമ്മീഷൻ ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, എന്റെ നിയോജക മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതി കഴിഞ്ഞ അഞ്ചു കൊല്ലങ്ങളായി ഇന്നുവരും നാളെവരും എന്ന് പ്രതീക്ഷിച്ചിരിക്കുകയാണ്. അവിടെ പൈപ്പുകൾ ഇട്ടു. ടാങ്കുകളുടെ പണി തീർന്നു, ഇതൊക്കെ അഞ്ചുകൊല്ലം മുൻപാണ് നടന്നത്. മോട്ടോറുകൾ ഫിറ്റ് ചെയ്തു. പമ്പിംഗ് സ്റ്റേഷൻസ് ഒക്കെയായി. പക്ഷെ

LIBRARY ARCHIVES Kerala Legislative Assembly